**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1955** **01-09-2022 - ൽ മറുപടിയ്ക്ക്**

**സി.ആർ.ഇസഡ്. ക്ലിയറൻസിനായുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സി.ആർ.ഇസഡ്. ക്ലിയറൻസിനായി തീരദേശ പരിപാലന അതോറിറ്റിക്ക് മുമ്പാകെ ആലപ്പുഴ ജില്ലയിൽ എത്ര അപേക്ഷകൾ നിലവിലുണ്ട് എന്ന് വിശദമാക്കുമോ; | (എ) | സി.ആർ.ഇസഡ് ക്ലിയറൻസിനായി തീരദേശ പരിപാലന അതോറിറ്റിയുടെ ആലപ്പുഴ ജില്ലാതല കമ്മിറ്റിയിൽ 24.08.2022 വരെ 101 അപേക്ഷകളും, കേരള സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയിൽ 120 അപേക്ഷകളും തീർപ്പാക്കാനവശേഷിക്കുന്നു. |
| (ബി) | 2022 ജനുവരി മുതൽ സി.ആർ.ഇസഡ്. ക്ലിയറൻസിനായി നല്കിയ എത്ര അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചെന്ന് വ്യക്തമാക്കുമോ? | (ബി) | മുൻ വർഷങ്ങളിൽ ലഭ്യമായത് ഉൾപ്പെടെ 2022 ജനുവരി മുതൽ സി.ആർ.ഇസഡ് ക്ലിയറൻസിനായി ലഭ്യമായ അപേക്ഷകളിൽ ആലപ്പുഴ ജില്ലാതല കമ്മിറ്റിയിൽ 332 എണ്ണവും, കേരള തീരദേശ പരിപാലന അതോറിറ്റിയിൽ 27 അപേക്ഷകളും തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ